മെച്ചപ്പെടുത്താനും ക്രമീകരിക്കാനും ഉദ്ദേശിച്ചാണ് പ്രസ്തുത ഉത്തരവ് ഇറക്കിയത്. കഴിഞ്ഞവർഷം വരെ പദ്ധതി വിഹിതം ത്രൈമാസ ഗഡുക്കളായിട്ടാണ് നൽകി വന്നിരുന്നത്. 2003-04 വർഷംമുതൽ പദ്ധതിവിഹിതം മാസഗഡുക്കളായി നൽകുവാനും ഇപ്രകാരം നൽകുന്ന വിഹിതത്തെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ഇല്ല. ഈ ഉത്തരവിന്റെ പശ്ചാത്തലത്തിൽ പദ്ധതിപ്രവർത്തനം തടസ്സപ്പെടുകയില്ല. ഡി.പി.സി. അംഗീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് സ്പിൽ ഓവർ ഇനത്തിൽ പുതിയ പി.ഡി. അക്കൗണ്ടിൽ നിന്നും തുക നൽകാവുന്നതാണ്.

സ്വകാര്യമേഖലയിൽ സംവരണം ഏർപ്പെടുത്താൻ നടപടി

17 (*766) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സ്വകാര്യമേഖലയിൽ സംവരണം ഏർപ്പെടുത്തണമെന്ന് ഉയർന്നുവന്നിട്ടുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെക്കുറിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഈ സർക്കാർ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1 (4436) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി ഏതെല്ലാം പദ്ധതികൾക്കായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001-2002, 2002-03, 2003-04 വർഷങ്ങളിലേക്കുള്ള ബഡ്ജറ്റുകളിൽ പുതുതായി ഉൾപ്പെടുത്തിയ പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പേരുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകൾ രൂപം നൽകുന്നതും സംസ്ഥാനത്തിന് അനുയോജ്യവുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അത്തരം പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സഹായത്തോടെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

സംസ്ഥാനത്തെ എം.പി. മാരുടെ യോഗം

2 (4437) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാനത്തെ എം.പി.മാരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ ; എങ്കിൽ ഏറ്റവും ഒടുവിൽ യോഗം ചേർന്നതെന്നന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത യോഗത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ചർച്ച ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഏതെല്ലാം കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുകൂല നിലപാട് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏറ്റവും ഒടുവിൽ കൂടിയ യോഗത്തിൽ എം.പി.-മാർക്ക് നല്കിയ അജണ്ടയുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഏറ്റവും ഒടുവിൽ യോഗം ചേർന്നത് 5-7-2003-ൽ.

(ബി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം നേടുവാൻ തീരുമാനിച്ച പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മറ്റു ചിലത് സമയബന്ധിതമായി തീർപ്പാക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിനു ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന

† അനുബന്ധം - III

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[30-7-2003-ലെ 1 (4436)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ ആരംഭിച്ച പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

വികസനമേഖല/പദ്ധതികൾ

I. കൃഷിയും അനുബന്ധമേഖലകളും

കൃഷി

നെല്ലിന്റെ സമഗ്ര വികസനപദ്ധതി.

മൃഗസംരക്ഷണം

1. 17-ാമത് കന്നുകാലി കനേഷുമാരി
2. വനിതകൾക്ക് പരിശീലനവും തൊഴിലുമെന്ന പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സഹായം.

ക്ഷീരവികസനം

1. സമഗ്ര ക്ഷീരവികസനം (ധവളവിപ്ലവത്തിന്റെ പരിധിയിൽപ്പെടാത്ത സ്ഥലങ്ങൾ, മലയോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ)
2. തീറ്റപ്പുൽ വികസന പരിപാടി (വൈക്കോൽ, സെല്ലുലോസിക് വേസ്റ്റ് എന്നിവയുടെ പരിപോഷണം, സിൽവി പാസ്റ്റർ സിസ്റ്റം സ്ഥാപിക്കൽ, പുൽമേട് വികസനം തുടങ്ങിയവ)

വനങ്ങൾ

1. അഗസ്ത്യവനം ബയോളജിക്കൽ റിസേർവ്
2. സംരക്ഷിത പ്രദേശത്തിനു പുറത്ത് വന്യമൃഗങ്ങൾക്ക് സംരക്ഷണം
3. ഇന്ത്യാ ഹരിതവൽക്കരണ പരിപാടി
4. ഭൂമി തരിശാകുന്നത് തടയുന്നതിനുള്ള ദേശീയ കർമ്മപരിപാടി.

II ഗ്രാമവികസനം

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (തൊഴിലുറപ്പു പദ്ധതിയും ജവഹർ ഗ്രാമ സമൃദ്ധി യോജനയും സംയോജിപ്പിച്ച് 2001 ആഗസ്റ്റ് മാസം മുതൽ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പരിപാടി).

LIBRARY ARCHIVES Kerala Legislative Assembly

III ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

വെള്ളപ്പൊക്കനിയന്ത്രണവും കടലാക്രമണ നിരോധനവും

1. നദീതീര സംരക്ഷണ പദ്ധതി
2. പമ്പാ ആക്ഷൻ പ്ലാൻ
3. ഗംഗാതീര സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ അടിയന്തിര കടലാക്രമണ നിരോധന പദ്ധതി.

IV വ്യവസായവും ധാതുക്കളും (ഗ്രാമ ചെറുകിട വ്യവസായങ്ങൾ)

1. കരകൗശലത്തിന് സംസ്ഥാന റീജിയണൽ വിപണന സമുച്ചയം സ്ഥാപിക്കൽ
2. കയറ്റുമതി ചെയ്യാവുന്ന ഉൽപ്പന്നങ്ങളുടെ വികസനത്തിനും, വിപണനത്തിനുംവേണ്ടിയുള്ള പദ്ധതി
3. സംയോജിത കൈത്തറി പരിശീലന പദ്ധതി.

V ഗതാഗതവും വാർത്താവിനിമയവും റോഡ് ഗതാഗതം

ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

വിനോദസഞ്ചാരം

കേരളാ ഉൾനാടൻ ജലവിനോദ പദ്ധതിയുടെ സംയോജിത വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

VI സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

പൊതുവിദ്യാഭ്യാസം

1. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
2. സർവ്വ ശിക്ഷാ അഭിയാൻ.

ആരോഗ്യം

മലമ്പനി, മന്ത്, ക്ഷയം, അതിസാരം എന്നീ പകർച്ചവ്യാധികൾക്ക് പ്രത്യേകം നടപ്പിലാക്കിവന്ന നിയന്ത്രണമാർഗ്ഗങ്ങൾ സംയോജിപ്പിച്ചു കൊണ്ടും, മറ്റ് പകർച്ചവ്യാധികൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുമുള്ള രോഗപ്രതിരോധ പരിപാടികൾ.

പട്ടികജാതി, പട്ടികവർഗ്ഗം മറ്റ് പിന്നോക്ക വിഭാഗങ്ങൾ ഇവരുടെ ക്ഷേമം

പട്ടികവർഗ്ഗ വികസനം

1. മാതൃകാ റസിഡൻഷ്യൽ സ്കൂൾ, ഞാറനീലി, തിരുവനന്തപുരം
2. പ്രാചീന പട്ടികവർഗ്ഗക്കാർക്കുള്ള പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി
3. ധാന്യ ബാങ്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

നഗരവികസനം

വാൽമീകി അംബേദ്കർ ഭവന നിർമ്മാണ പദ്ധതി.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

സംയോജിത സ്ത്രീ ശാക്തീകരണ പരിപാടി.

പോഷകാഹാരം

നാഷണൽ ന്യൂട്രീഷ്യൻ മിഷൻ

VII സാമ്പത്തിക സർവ്വീസുകൾ

സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

രാഷ്ട്രീയ സാം വികാസ് യോജന.

LIBRARY ARCHIVES Kerala Legislative Assembly